ജയിലാസ്ഥാനകാര്യാലയം,
തിരുവനന്തപുരം,
തീയതി: 16/06/2014.

ജി.2-29317/2013

## സർക്കുലർ-24/14

പുകവലി നിരോധന നിയമമനുസരിച്ചും ബഹു: സുപ്രീം കോടതിയുടെ വിധി അനുസരിച്ചും, പൊതുസ്ഥലങ്ങളിൽ പുകവലി നിരോധിച്ചതിന്റെ ഭാഗമായി ജയിലുകളിലും പുകവലി നിരോധനം ഏർപ്പെടുത്തേണ്ടത് ഒരു നിയമപരമായ ബാദ്ധ്യതയാണ്. ആയതിനാൽ ബഹു: സുപ്രീം കോടതി ഉത്തരവ് നടപ്പിൽ വരുത്തേണ്ടത് ജയിൽ വകുപ്പിന്റെ ഉത്തരവാദിത്വമാണ്. ജയിലുകളിലെ പുകവലിക്കാനുള്ള അനുവാദം നിർത്തലാക്കി സർക്കാർ ഉത്തരവും വന്നിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ജയിലുകളിൽ പുകവലി നിരോധനം ഘട്ടം ഘട്ടമായി നടപ്പിലാക്കുവാൻ നിർദ്ദേശിക്കുന്നു. അതിനു വേണ്ടി അടുത്ത ഓരോ ആഴ്ചയിലും ജയിലുകളിൽ ഇപ്പോൾ അന്തേവാസികൾക്ക് അനുവദിച്ചിട്ടുള്ള ബീഡി, സിഗരറ്റ് തുടങ്ങിയ പുകയില ഉൽപ്പന്നങ്ങളുടെ ലഭ്യത പകുതി വീതം കുറച്ച് ഒരു മാസം കൊണ്ട് പുകവലി സാധനങ്ങളുടെ ലഭ്യത ഇല്ലാതാക്കേണ്ടതാണ്. അതായത് ഓരോ ആഴ്ചയിലും ബീഡി, സിഗരറ്റ് മുതലായവയുടെ ഉപയോഗം ക്രമാനുഗതമായി കുറച്ച് 4 ആഴ്ചയ്ക്കകം ആയതിന്റെ ലഭ്യത പൂർണ്ണമായും നിർത്തലാക്കേണ്ടതാണ്. പുകവലി ശീലിച്ചിട്ടുള്ള തടവുകാർക്ക് പുകവലി പെട്ടെന്ന് നിർത്തേണ്ടി വരുമ്പോൾ ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനു വേണ്ടിയാണ് ഒരുമാസത്തെ സമയമെടുത്ത് പുകവലി നിർത്തലാക്കുന്നതിന് നിർദ്ദേശിക്കുന്നത്. ഇപ്രകാരം പുകവലി പൂർണ്ണമായും ജയിലുകളിൽ നിർത്തലാക്കുന്ന സാഹചര്യത്തിൽ സ്ഥിരം പുകവലിക്കാരായ അന്തേവാസികൾക്ക് ആർക്കെങ്കിലും ശാരീരികമോ, മാനസികമോ ആയ ബുദ്ധിമുട്ടുകൾ ഉണ്ടാവുകയാണെങ്കിൽ മെഡിക്കൽ ഓഫീസറുമായി ബന്ധപ്പെട്ട് ആവശ്യമായ de-addiction ചികിത്സകൾ ലഭ്യമാക്കേണ്ടതാണ്. ഈ സർക്കുലർ ലഭിച്ചതിനുശേഷം തടവുകാരുടെ കാന്റീനിലേയ്ക്ക് ബീഡി, സിഗരറ്റ് എന്നിവ വാങ്ങുന്നത് നിർത്തേണ്ടതാണ്. ഇതിനാൽ ഒരു മാസത്തിനു ശേഷം യാതൊരു കാരണവശാലും പുകവലി നടക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്. കഞ്ചാവ് പോലുള്ളവയുടെ ഉപയോഗം കർശനമായി ഇല്ലാതാക്കാൻ പുകവലി നിരോധനം ഉപയോഗപ്പെടുത്തേണ്ടതാണ്.

**ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &**
**കറക്ഷണൽ സർവ്വീസസ്**

എല്ലാ ജയിൽ സ്ഥാപനമേധാവികൾക്കും
ഡിഐജിമാർക്കും റീജിയണൽ വെൽഫെയർ ഓഫീസർമാർക്കും
*TN*